LIBRARY ARCHIVES Kerala Legislative Assembly

താലൂക്ക് വിഭജനം

5 (*24) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ താലൂക്കുകൾ വിഭജിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം താലൂക്കുകളാണ് വിഭജിക്കപ്പെടുന്നത് ;

(സി) ഇത് എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ-സി) സംസ്ഥാനത്തെ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ശ്രീ. കെ. ജെ. അൽഫോൺസിനെ (ലാന്റ് റവന്യൂ കമ്മീഷണർ) ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

സമഗ്ര കാർഷിക ഇൻഷ്വറൻസ്

6 (*25) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭം, രോഗബാധ എന്നിവ മൂലമുണ്ടാകുന്ന വിള നഷ്ടത്തിന് ഇപ്പോൾ പൂർണ്ണ നഷ്ടപരിഹാരം കർഷകർക്ക് കൊടുക്കുന്നുണ്ടോ ;

(ബി) ഇത്തരം സംഭവങ്ങളിൽ സമ്പൂർണ്ണ നഷ്ടപരിഹാരം ലഭിക്കുന്ന വിധത്തിൽ സമഗ്ര കാർഷിക ഇൻഷ്വറൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) പൂർണ്ണമായ നഷ്ടപരിഹാരം നൽകുന്നില്ല. നൽകുന്ന നഷ്ടപരിഹാരത്തോത് അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിന് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും, പ്രകൃതിക്ഷോഭങ്ങൾ മൂലമോ, രോഗകീടങ്ങളുടെ ആക്രമണം മൂലമോ പ്രത്യുപാപിത വിളകൾക്കുണ്ടാകുന്ന ഉല്പാദന നഷ്ടത്തിൽ നിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണം നൽകുന്നതിന് ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയും നിലവിലുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില എന്നീ 25 വിളകളെ ഉൾപ്പെടുത്തിയിരിക്കുന്നു. അതുപോലെ ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, വാഴ, മരിച്ചീനി, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക എന്നീ 6 വിളകളെയും ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ നഷ്ടപരിഹാരം നൽകുന്നു. അതുപോലെ ദേശീയ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ ശരാശരി ഉല്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു സീസണിൽ പ്രഖ്യാപിത പ്രദേശത്ത് വിളയുടെ ഉല്പാദനത്തിലുണ്ടാകുന്ന കുറവിനേയും കർഷകർ അവരുടെ വിള ഇൻഷർ ചെയ്തിരിക്കുന്ന തുകയേയും ആശ്രയിച്ച് നഷ്ടപരിഹാരം നൽകി വരുന്നു.

(ബി) ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിക്കുന്നതിനുള്ള ഒരു നിർദ്ദേശം കേന്ദ്ര സർക്കാർ പരിഗണിച്ചു വരികയാണ്. പ്രസ്തുത നിർദ്ദേശത്തിൻമേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

റബ്ബർ മരങ്ങളുടെ പട്ട മരവിപ്പ് രോഗം

7 (*26) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. സുധാകരൻ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ മരങ്ങളുടെ പട്ട മരവിപ്പ് രോഗം വ്യാപകമായി വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത രോഗത്തിന് പ്രതിവിധി കാണുവാൻ കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ ;

(സി) ഇക്കാര്യത്തിൽ കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും എന്തെല്ലാം ഗവേഷണങ്ങൾ നടത്തി;

(ഡി) ഇക്കാര്യത്തിൽ ഗവേഷണം നടത്തുന്നതിനായി കാർഷിക സർവ്വകലാശാല എത്ര തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഇ) കാർഷിക സർവ്വകലാശാലയ്ക്ക് ഇതിന് ഫലപ്രദമായ പരിഹാരം കണ്ടെത്താൻ കഴിഞ്ഞുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly